കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.9/1664/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി :03.12.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ

പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.9 /1664/2019 തീയ്യതി:03.12.2019

## കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 3.2.2019 മുതൽ 16.10.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ . എം . പി. |

| | |
|---|---|
| | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.10.2019 മുതൽ 26.10.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി .ഗിരിജ കല്ല്യാടൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ശ്രീജ.കെ | ഓഡിറ്റർ |

1.നിർവ്വഹണ അധികാരികളുടെ പേര്, കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ശൈലജ.എ | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.വി.പി.ജയപ്രകാശ് | 01-04-2018 മുതൽ 31-3-2019 വരെ |

നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.അനുപമ.എസ് | 01/04/18മുതൽ31/03/19വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പ്രേമൻ.വി | 01/04/18 മുതൽ12/02/19വരെ |
| | ശ്രീ.മധുസൂദനൻ.വി | 13/02/19 മുതൽ 31/03/19വരെ |
| വെറ്റിനറി സർജൻ | ഡോ.നിഷ ചന്ദ്രൻ | 01/04/18മുതൽ 31/03/19വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | ഡോ.സിതാര ധർമ്മരാജ് | 01/04/18 മുതൽ31/03/19 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ. അതുല്യ.എ | 01/04/18മുതൽ 15/04/18വരെ |
| | | 15/06/18 മുതൽ 31/08/18 വരെ |
| | | 30/11/18 മുതൽ 26/12/18 വരെ |
| | ഡോ. ശ്രീജ ചാലി | 16/04/18 മുതൽ 14/06/18 വരെ |
| | ഡോ. രമ്യ.ടി.കെ | 01/09/18 മുതൽ 29/11/18വരെ |
| | | 27/12/18 മുതൽ |

| | | |
|---|---|---|
| | | 31/03/19 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീമതി. ശ്രീജ.എസ് | 01/04/18 മുതൽ 31/08/18വരെ |
| | ഒഴിവ് | 01/09/18 മുതൽ 02/09/18വരെ |
| | ശ്രീമതി.ഉഷ.എൻ | 03/09/18 മുതൽ 31/03/19വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.വിനോദൻ.കെ | 01/04/18 മുതൽ 07/07/18വരെ |
| | | 09/10/18 മുതൽ 24/11/18വരെ |
| | | 02/12/18 മുതൽ 1/03/19വരെ |
| | | 06/03/19മുതൽ 31/3//2019വരെ |
| | ശ്രീമതി.ദിവ്യ ശശി | 08/07/18 മുതൽ 08/10/18വരെ |
| | ഒഴിവ് | 25/11/18 |
| | ശ്രീമതി. നദീറ.ബി | 26/11/18 മുതൽ 01/12/18വരെ |
| | | 02/03/19മുതൽ05/03/2019വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.സോന | 01/04/18മുതൽ 03/07/18വരെ |
| | ഒഴിവ് | 04/07/18മുതൽ 11/7/2018വരെ |
| | ശ്രീമതി.ബബിത | 12/07/18 മുതൽ 31/03/19വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.രാധ പി എം | 01/04/18 മുതൽ 31/03/19വരെ |

| | ഉള്ളടക്കം<br>ഭാഗം -1 ഓഡിറ്റ് റിപ്പോർട്ട് | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| | | |

| | | |
|---|---|---|
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-11 |
| 12 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല | 1-12 |
| 13 | ടിഷ്യുകൾച്ചർ വാഴതൈ വിതരണം (വനിത ഗ്രൂപ്പുകൾക്ക് ) - ഗ്രൂപ്പു കളുടെ വിവരം ലഭ്യമാക്കിയില്ല | 1-13 |
| 14 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി - വിള ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല . | 1-14 |
| 15 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി--വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-15 |
| 16 | കറവ പശു വിതരണം(വനിത ഗ്രൂപ്പ് )- മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല . | 1-16 |
| 17 | തെരുവു വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ | 1-17 |
| 18 | വെള്ളക്കരം കുടിശ്ശിക വികസനഫണ്ടിൽ നിന്നും ക്രമീകരിച്ചത് – ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-18 |
| 19 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിക്കാത്തത് | 1-19 |
| 20 | വ്യക്തിഗത സംരംഭങ്ങൾക്ക് ധന സഹായം -കൃത്യമായ കരാറിൽ ഏർപ്പെടുന്നില്ല. | 1-20 |
| 21 | ആശ്രയ പ്രോജക്ട് ഭവന രഹിതരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിനാൽ അർഹമായ ധനസഹായം ലഭിക്കാത്തത് | 1-21 |
| 22 | സാന്ത്വന പരിപാലനം പദ്ധതി:- മരുന്നുകൾ ലഭ്യമായിട്ടില്ല | 1-22 |
| 23 | റിംഗ് കമ്പോസ്റ്റ് നല്കിയത് , ഗുണഭോക്താക്കളുടെ അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയില്ല -₹ 42,398 തടസ്സപ്പെടുത്തുന്നു | 1-23 |
| 24 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-24 |
| 25 | ലാപ് ടോപ്പ് വാങ്ങിയതിലെ അപാകതകൾ - | 1-25 |
| 26 | സമഗ്ര വിദ്യാഭ്യാസ പദ്ധതി:- സർക്കാർ ഉത്തരവിന് വിരുദ്ധമായി | 1-26 |

| | | |
|---|---|---|
| | പദ്ധതിപ്പണം മുൻകൂറായി ചെലവഴിച്ചു. | |
| 27 | വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-27 |
| 28 | ബയോഗ്യാസ് പ്ലാന്റ് ഗുണഭോക്താക്കളുടെ അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയില്ല -₹ 17,752 തടസ്സപ്പെടുത്തുന്നു | 1-28 |
| 29 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കുന്ന തുകയിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 1-29 |

| | | |
|---|---|---|
| | ഭാഗം-II വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-III ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-IV ഓഡിറ്റ് പ്രത്യവലോകനം | |
| 30 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 38 | ചാർജ് /സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 42 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |

| | | |
|---|---|---|
| 43 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 44 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

20/03/2018 തീയതിയിലെ 96/2018 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 18.02.2019 തീയതിയിലെ 38/19 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിവശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ്ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 6796821 | 9346431 |
| വരവ് | 90348000 | 99185585 |
| ആകെ | 97144821 | 108532016 |
| ചെലവ് | 92473000 | 102495022 |
| നീക്കിയിരിപ്പ് | 4671821 | 6036994 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2019 | 1.6.2019 | തിരിച്ചയച്ചിട്ടില്ല | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,43,83,105.80 |
| വരവ് | 4,29,65,081.00 |
| ആകെ | 5,73,48,186.80 |
| ചെലവ് | 4,38,34,458.00 |
| നീക്കിയിരിപ്പ് | 1,35,13,728.80 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,10,60,536.00 | 1,10,60,536.00 | 1,04,63,452.00 | 5,97,084.00 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 5,68,000 | 5,68,000 | 4,93,000 | 75,000 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 82,000 | 82,000 | 0 | 82,000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 30,17,000 | 30,17,000 | 30,16,750 | 250 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 27,80,000 | 27,80,000 | 27,70,919.00 | 9081 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 51,38,000 | 51,38,000 | 47,08,117 | 4,29,883 |
| സാക്ഷരത | | 65,210 | 42,032 | 1,07,242 | 0 | 1,07,242 |
| ദുരിതാശ്വാസ നിധി | | 33,578 | 23,014 | 56,592 | 29,000 | 27,592 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 1,29,77,038 | 1,29,77,038 | 1,29,77,038 | |
| | അഡ്മിനി | 438 | 2,72,557 | 2,72,995 | 2,70,529 | 2,466 |

| | | | | | | |
|---|---|---|---|---|---|---|
| | സ്റ്റേറ്റീവ് ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ സി ഡി എസ് | | 4,24,726 | 5,55,950 | 9,80,676 | 1,76,312 | 8,04,364 |
| ശുചിത്വം | | | 3,28,000 | 3,28,000 | 0 | 3,28,000 |
| എസ് എസ് എ | | 32,65,733 | 9,78,000. | 42,43,733.00 | 42,43,516 | 217 |
| ബി ഫണ്ട് | | | 2,26,880 | 2,26,880 | 2,26,880 | |
| സംസ്ഥാന സർക്കാർ<br>ശുചിത്വം ,വിമുക്തി, കേരളോത്സവം | | 2,04,087 | 1,85,106 | 3,89,193 | 1,77,517 | 2,11,676 |
| ജോയിന്റ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 3,19,427 | 21,92,500 | 25,11,927 | 21,56,677+<br>14,312<br>(തിരിച്ചടവ് ) | 3,40,938 |
| | ജില്ലാപഞ്ചായത്ത് | 6,05,916 | 16,39,280 | 22,45,196 | 8,12,522 | 14,32,674 |
| തനത് ഫണ്ട് * | ബാങ്ക് അക്കൌണ്ട് | 31,24,761.40 | 51,85,804 | 83,10,565.40 | 48,16,988 | 34,93,577.40 |

ജനറൽ പർപ്പസ് ഗ്രാന്റ് 88,04,734 ലഭിച്ചിട്ടുണ്ട് ഈ ഗ്രാന്റിന് മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , ഈ ഇനത്തിന്റെ മുന്നിരിപ്പ് , ചെലവ് ,നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല . വികസന ഫണ്ട് ജനറൽ,വികസന ഫണ്ട് എസ് സി പി എന്നീ ഫണ്ടിലെ നീക്കിയിരിപ്പ് ക്യൂ ബില്ലാണ്

*തനത് ഫണ്ട് - സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് ഇവിടെ ചേർത്തിരിക്കുന്നത് .

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 127 | 38364170 | 116 | 11 | 106 | 31731225 | 11 | 83.46 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 5485744 | 25 | 2794776 | 20 | 80 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1450000 | 10 | 1448000 | 10 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 6308521 | 14 | 5917877 | 12 | 85.71 |
| വെറ്റിനറി സർജൻ | 2895629 | 10 | 2123033 | 9 | 90 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 540000 | 2 | 540000 | 2 | 100 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 1473900 | 7 | 1316613 | 6 | 85.71 |
| അസിസ്റ്റൻറ് സെക്രട്ടറി | 439180 | 6 | 430067 | 6 | 100 |
| അസിസ്റ്റൻറ് എഞ്ചിനീയർ | 15309477 | 32 | 13022020 | 30 | 93.75 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 3170905 | 11 | 2933933 | 11 | 100 |
| ഹെഡ്മാസ്റ്റർ | 1290814 | 10 | 1204906 | 10 | 100 |
| ആകെ | 38364170 | 127 | 31731225 | 116 | 91.34 |

<u>പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളും</u>

<u>ആസൂത്രണസമിതി</u>

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവർഷങ്ങളിൽ രൂപീകരിച്ച ആസൂത്രണസമിതി , വരുന്ന വർഷങ്ങളിൽ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായിഓരോ വർഷവും ഡിസംബർ 1ന് മുൻപ് നിലവിലുള്ള ആസൂത്രണസമിതി ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കണമെന്ന് പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിയ്ക്കുന്നവാർഷീക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് ജി.ഒ.(കൈ) നം. 11/2018/ ത.സ്വ.ഭ.വ തീയതി 29.1.2018, പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 വർഷം 29.11.2017 ന്

ആസൂത്രണ സമിതിപുന:സംഘടിപ്പിച്ചിട്ടുണ്ട് . ആയത് ഭരണ സമിതിയുടെ 24.1.2018 ലെ 185/19നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട് . 19 അംഗങ്ങൾ ഉൾപ്പെടുന്ന ആസൂത്രണ സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്. 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 29.11.2017 ന് പ്രഥമ യോഗം ചേർന്നിട്ടുണ്ട്. തുടർന്ന് 7.4.2018 ,19.9.2018ന് യോഗം ചേർന്നിട്ടുണ്ട് . 7.4.2018 ന് നടന്ന യോഗത്തിന്റെ മിനുട്ട്സ് എഴുതിയിട്ടില്ല

<u>വർക്കിംഗ് </u>ഗ്രൂപ്പ്

2018-19 വർഷം 29.11.2017 ന് വർക്കിംഗ് ഗ്രൂപ്പ്പുന:സംഘടിപ്പിച്ചിട്ടുണ്ട് . ആയത് ഭരണ സമിതിയുടെ 24.1.2018 ലെ 185/19നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട് .

12വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി രൂപീകരിച്ചിട്ടുണ്ട് , ആയത് 29.5.2018 ലെ ഭരണസമിതിയുടെ 162(6) നമ്പർതീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട് . എന്നാൽ പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ല .

വികസന സെമിനാർ: 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 28.2.2018ന് വികസന സെമിനാറിൽ 209 പേർ പങ്കെടുത്തിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മിറ്റി - ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നികുതി പിരിവ് അവലോകനം , ഫ്രണ്ട് ഓഫീസ് പ്രവർത്തന അവലോകനം എന്നിവ നടത്തുന്നുണ്ട്. ഓഡിറ്റ് അദാലത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളും, ഓഡിറ്റ് തടസ്സങ്ങളും തീർപ്പാക്കുവാനായി ചർച്ച ചെയ്യുന്നുണ്ട് .

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം -

ജില്ലാ ആസൂത്രണ സമിതിയുടെ 360 /2018 /DPC/DPO/KNR/തീയതി 26.3.2018 തീരുമാന പ്രകാരം വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. അന്തിമ പദ്ധതി അംഗീകാരം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഗ്രാമ സഭ -

തൻവർഷം 4 ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. ഗ്രാമ സഭകളിൽ ക്വാറം തികയുന്നതിനുള്ള ജനപ്രാതിനിധ്യം ഉണ്ട്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 1,29,77,038 | 1,29,77,038 | 1,29,77,038 | |
| ഭരണചെലവുകൾ | 438 | 2,72,557 | 2,72,995 | 2,70,529 | 2,466 |
| | 438 | 1,32,49,595 | 1,32,50,033 | 1,32,47,567 | 2466 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41,880 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 28,44,300 | 221 |
| വിധവ പെൻഷൻ | 99,92,900 | 824 |
| വാർധക്യകാലപെൻഷൻ | 1,66,89,700 | 1399 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 30,21,400 | 237 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 19,00,100 | 150 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,80,000 | 6 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2019 തീയ്യതിയിലെ 2.25 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9,923 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

2018-19 – ൽ 6/18 ,11/18 മാസങ്ങളിൽ ഒഴികെ സ്റ്റാഫ് മീറ്റിംഗ് കൂടിയിട്ടുണ്ട്. സഞ്ചയ പ്യൂരിഫിക്കേഷന വേണ്ടി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായിട്ടുള്ള ചർച്ചകളും തീരുമാനങ്ങളും സ്റ്റാഫ് മീറ്റിംഗിൽ സജീവമായി നടന്നിട്ടുണ്ട്. അജണ്ട, തീരുമാനം എന്നിവ കുറ്റമറ്റ രീതിയിൽ

എഴുതിയിട്ടുണ്ട് പുതുതായി ചുമതലയെടുക്കുന്നവർക്ക് ഓഫീസ് ചുമതലവിഭജനം നടത്തിയിട്ടുണ്ട് എന്നാൽ ജീവനക്കാർക്ക് ജോലി വിഭജിച്ചുകൊണ്ടുള്ള സമഗ്ര ഉത്തരവ് ഈ വർഷം പുറപ്പെടുവിച്ചിട്ടില്ല. വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ അവതരിപ്പിയ്ക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാർ തൻപതിവേട്ക്യത്യമായി എഴുതുവാനായി സെക്രട്ടറി നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ തീർപ്പാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. റണ്ണിംഗ് നോട്ട് സൂക്ഷിക്കുന്നില്ല. തൻപതിവേടിലെ എല്ലാ കോളങ്ങളും പൂർത്തിയാക്കിയിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/09/2019 | 08/2019 | 25/09/2019 |
| അക്കൌണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 1/04/2005 മുതൽ 13/04/2005 വരെ | 2004 - 05 | 08/06/05 |

# 1-11 വാർഷിക കണക്കിലെ അപാകങ്ങൾ.

1) 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ഡി & ഒ ലൈസൻസ് ഫീ ഇനത്തിൽ മുൻകുറായി കലക്ഷനായി രേഖപ്പെടുത്തിയ തുക ബന്ധപ്പെട്ട രജിസ്റ്ററുകളിലെ ചേർക്കലുമായി പൊരുത്തപ്പെടുന്നില്ല.

2-ശുചിത്വ മിഷൻ ഫണ്ട് വരവ് ₹ 4,78,000 ൽ സംസ്ഥാന വിഹിതം ₹ 1,50,000 ഉം , കേന്ദ്ര വിഹിതം ₹ 3,28,000 ഉം ആണ് .ഇവ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല

3) ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക മുൻകൂർ നൽകിയത് RP-47ഷെഡ്യൂളിൽ ചേർത്തിട്ടില്ല. വിനിയോഗിക്കാൻ ബാക്കിയുള്ള തുക B18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല

4) മറ്റു നിർവ്വഹണാധികാരികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന നിയമപരമായ നികുതികൾ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല

5)സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

6) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# 1-12 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല

2013-14മുതൽ 2015-16 വരെയുള്ള കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർപരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കാലയളവിൽ 43 കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.മേൽ കെട്ടിടങ്ങളുടെ നികുതി നിർണയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 8 തീയതി 22-10-19) ലഭ്യമാക്കിയ മറുപടിയിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും 2013-14 വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഫീൽഡ് തല പരിശോധനയിൽ അധിക നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.എന്നാൽ ആയതിനു ശേഷം കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി അനുമതി നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ പ്രകാരം നിലവിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും അധിക നിർമ്മാണം നടത്തിയ ഭാഗത്തിന് നികുതി നിർണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമസ്ഥൻ | പെർമിറ്റ് നം/ തീയതി | പെർമിറ്റ് കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണ്ണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണ്ണം(ച.മീ) |
|---|---|---|---|---|
| തുണ്ടിയിൽ പ്രേമദാസൻ , സത്ഗമയ,10/179 | A3-32/2013-14, 5-3-2014 | 4-3-2017 | 67.54(ഒന്നാം നില) | 94.37(താഴത്തെ നില) |
| കാരോളിൽ പദ്മജ, ചമ്പാട്,14/80 | A3-35/2013-14, 17-2-2014 | 16-2-2017 | 112(ഒന്നാം നില) | 117.7(താഴത്തെ നില) |
| പെരുമ്പാട് രാമദാസ്,15/191 | A3-219/2014-15, 10-2-2015 | 9-2-2018 | 50.1(ഒന്നാം നില) | 64.05(താഴത്തെ നില) |
| വണ്ണത്താൻ | A3- | 22-2-2015 | 65.05(ഒന്നാം നില) | 108.97(താഴത്തെ |

| | | | | |
|---|---|---|---|---|
| വീട്ടിൽ രാഘവൻ 1/140 | 255/2014-15, 23-2-2015 | | | നില) |

പെർമിറ്റ് കാലാവധി കഴിഞ്ഞ പ്രസ്തുത കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്നും അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്നും ഉറപ്പുവരുത്തുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല.മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-13 ടിഷ്യുകൾച്ചർ വാഴതൈ വിതരണം (വനിത ഗ്രൂപ്പുകൾക്ക് ) - ഗ്രൂപ്പു കളുടെ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 53 /18-19 |
| പ്രോജക്റ്റിന്റെ പേര് | ടിഷ്യുകൾച്ചർ വാഴതൈ വിതരണം (വനിത ഗ്രൂപ്പുകൾക്ക് ) |
| അടങ്കൽ | ₹ 2,40,000 വികസന ഫണ്ട് |
| ചെലവ് തുക | ₹ 2,40,000 വികസന ഫണ്ട് ബിൽ നമ്പർ : 9/18-19 / 12-03-19 ,₹80000<br>ബിൽ നമ്പർ : 11 /18-19/22-03-19 ,₹ 160000 |
| ആകെ | ₹ 2,40,000 |
| ഇൻവോയ്സ് നമ്പർ | 1. 317/26-02-19 ₹80000<br>2.320/19-03-19 ₹80000<br>3. 319/18-03-19 ₹80000 |

ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുക്കുന്ന 150 വനിത ഗ്രൂപ്പുകൾക്ക് സെന്റൊന്നിന് 10 ടിഷ്യുകൾചർ വാഴതൈ 100% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് . ഇതിനായി 3000 ടിഷ്യുകൾചർ വാഴതൈകൾ ഒരെണ്ണത്തിന് ₹ 80 നിരക്കിൽ പാന്നൂർ valley Agro nursery യിൽ നിന്നും മേൽ കാണിച്ച ഇൻവോയ്സുകൾ പ്രകാരം വാങ്ങി വിതരണം ചെയ്തിട്ടുണ്ട് .

കുറഞ്ഞത് 10 പേരെങ്കിലും ഉള്ള 150 ഗ്രൂപ്പുകൾക്ക് വാഴതൈകൾ വിതരണം ചെയുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത് . ഗുണഭോക്തൃ ലിസ്റ്റിൽ 100 ഗ്രൂപ്പുകളും 61 വ്യക്തികളുമാണ് ഉൾപ്പെട്ടത് . ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 100 ഗ്രൂപ്പുകളുടെ പേരും ബാക്കി 61 വ്യക്തികളുടെ പേരുമാണ് രേഖപ്പെടുത്തിയത് . 61 വ്യക്തികൾ ഉൾപ്പെട്ട ഗ്രൂപ്പുകളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 3/22-10-19 ) ഗ്രൂപ്പുകൾക്ക് തന്നെയാണ് വിതരണം ചെയ്തത് എന്നാണ് ലഭിച്ച മറുപടി . മോണിറ്ററിംഗ് സമിതി 150 ഗ്രൂപ്പുകൾക്ക് പ്രയോജനം ലഭിച്ചതായി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം സംബന്ധിച്ച് വിശദമായി പരിശോധിച്ച് വിലയിരുത്തിയിട്ടില്ല .

കൃഷി വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതി ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് പ്രോജക്ടുകളുടെ പരിശോധനയിൽ കാണാനായത് . പദ്ധതികളുടെ പ്രയോജനം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, കൃഷി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# 1-14 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി - വിള ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 41/18-19 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി |
| അടങ്കൽ | ₹ 42500 വികസന ഫണ്ട് |
| | ₹ 42500 ജില്ല പഞ്ചായത്ത് വിഹിതം. |
| ആകെ | ₹ 85000 |
| ചെലവ് തുക | ₹ 42500 വികസന ഫണ്ട് ബിൽ നമ്പർ : 3/18-19 / 26-11-2018 , |

| | |
|---|---|
| | ₹ 42500 ജില്ല പഞ്ചായത്ത് വിഹിതം ചെക്ക് നം . 1086276 , 23 / 11/18. |
| ആകെ | ₹ 85000 |

നെല്ലിന്റെ ഉത്പാദന വർദ്ധനവിനും പ്രോത്സാഹനം നൽകുന്നതിനും വേണ്ടിയാണ് ഗുണഭോക്താക്കൾക്ക് കൂലി ചെലവ് സബ്സിഡിയായി നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 36 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനു വേണ്ടിയാണ് മേൽ കാണിച്ച ബിൽ പ്രകാരം തുക വിനിയോഗിച്ചിരിക്കുന്നത് . സർക്കാർ ഉത്തരവ് (കൈ)നം. 22/2018 ത.സ്വ.ഭ.വ തീ-14-02-18 മാർഗ്ഗരേഖ 6-1-6 പ്രകാരം വിള ഇൻഷുറൻസ് തുക മുൻകൂറായി കർഷകൻ അടയ്ക്കണം എന്ന് വ്യക്തമാക്കുന്നുണ്ട് . എന്നാൽ പദ്ധതി പ്രകാരം സബ്സിഡി കൈപ്പറ്റിയ 36 ഗുണഭോക്താക്കളും വിള ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 3 /22-10-19 ) പന്ന്യന്നൂർ കൃഷിഭവൻ പരിധിയിൽപാടശേഖര സമിതി നിലവിൽ ഇല്ലാത്തതും കർഷകർ കൃത്യസമയത്ത് വിള ഇൻഷൂറൻസ് എടുക്കാത്തതും കൂടുതൽ കർഷകരും മിനിമം 25 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നത് കാരണം വിള ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല എന്നാണ് മറുപടിയിൽ അറിയിച്ചത് . തുടർ വർഷങ്ങളിൽ വിള ഇൻഷൂറൻസ് തുക മുൻകൂറായി കർഷകരിൽ നിന്നും വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതായും അറിയിച്ചിട്ടുണ്ട് . സബ്സിഡി നൽകുന്നതിന് മുൻപായി കർഷകൻ വിള ഇൻഷൂർ ചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ് .

## 1-15 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ : 24/ 18-19

പ്രോജക്ടിന്റെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ : ₹ 187500 വികസന ഫണ്ട്

: ₹ 187500 സംസ്ഥാനാവിഷ്കൃത ഫണ്ട്.

:₹ 375000 ഗുണഭോക്തൃ വിഹിതം.

ആകെ : ₹ 750000

ചെലവ് തുക : ₹ 150000 (വികസന ഫണ്ട്) ബിൽ നമ്പർ : പി1/18-19,24-10-18.

: ₹ 37500 (വികസന ഫണ്ട്) ബിൽ നമ്പർ : പി4/18-19,28-11-18.

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം പഞ്ചായത്ത് വിഹിതമായ ₹ 187500 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ , സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം കണ്ണൂർ ന് നൽകിയിട്ടുണ്ട് (A/C-71901140000006 ). പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 4-6 മാസം പ്രായമുള്ള 30 കന്നുകുട്ടികൾക്ക് കാലിതീറ്റ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത് . പഞ്ചായത്തിലെ മനേക്കര ക്ഷീരോൽപാദക സഹകരണ സംഘത്തെയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത് .

എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം , പദ്ധതി പുരോഗതി റിപ്പോർട്ട് , ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ വിവരം രേഖപ്പെടുത്തുന്ന കാലിത്തീറ്റ വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2 . ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ - 14/23.10.19) വിനിയോഗ സാക്ഷ്യപത്രം , പദ്ധതി പുരോഗതി റിപ്പോർട്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതായി അറിയിച്ചിട്ടുണ്ട് . വിനിയോഗ സാക്ഷ്യപത്രം , പദ്ധതി പുരോഗതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

# 1-16 കറവ പശു വിതരണം(വനിത ഗ്രൂപ്പ് )- മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല .

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ : 30/ 18-19

പ്രോജക്ടിന്റെ പേര് : കറവ പശു വിതരണം(വനിത ഗ്രൂപ്പ് )

അടങ്കൽ : ₹ 250000 വികസന ഫണ്ട്

:₹ 290000 ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത് )

ആകെ : ₹ 540000

ചെലവ് തുക : ₹ 250000 (വികസന ഫണ്ട്) ബിൽ നമ്പർ : പി19/18-19,30-04-19
(പാർട്ട് ബിൽ)

5 വനിതകൾ അടങ്ങുന്ന 2 ഗ്രൂപ്പിന് 5 കറവപശുക്കളെ വീതം വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത് . ഐശ്വര്യ വനിത സംഘം , രൂപശ്രീ വനിത സംഘം എന്നീ രണ്ട് ഗ്രൂപ്പുകൾക്കായി 10 പശുക്കളെ (5 വീതം) (12 ലിറ്റർ പാൽ കറവയുള്ള പശു @ 54000 )

വാങ്ങുന്നതിനാണ് മേൽ കാണിച്ച തുക വിനിയോഗിച്ചത് . ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നു . പ്രോജക്ടിൽ താഴെ പറയുന്ന അപാകം കാണുന്നു .

1. ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ അക്കൗണ്ടിൽ തുക നല്കണമെന്ന മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല (സ.ഉ(കൈ)നം.22/2018/തസ്വഭവ ,തീയതി-14-02-18 6-2-1 കുറിപ്പ് 5). വിലച്ചീട്ട് പ്രകാരം 10 ഉരുക്കളെ 9 വ്യക്തികളിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ തുക അനുവദിച്ചത് ഗുണഭോക്താക്കളുടെ എക്കൗണ്ടിലേക്കാണ് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ -15/23.10.19 ) വർക്കിംഗ് ഗ്രൂപ്പിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതെന്നാണ് ലഭിച്ച മറുപടി . പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

# 1-17 തെരുവു വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ

പ്രോജക്ട് നമ്പർ : 112/19 (തെരുവ് വിളക്ക് അറ്റ കുറ്റപ്പണി AMC വെക്കലും ലൈൻ വലിച്ച

സ്ഥലങ്ങളിൽ LED ബൾബ് സ്ഥാപിക്കലും )

വകയിരുത്തിയ തുക : ₹ 187645

ചെലവഴിച്ച തുക : ₹ 62355

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
ബിൽ നം.755041/18-19 തീയതി : 8.4.2018 : 62355 രൂപ

മേൽ പ്രോജക്ട് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.പഞ്ചായത്ത് നൽകിയ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ ആകെ 460 (metered 350, un metered 110) തെരുവ് വിളക്കുകളാണ് ഉള്ളത്. ആയതിൽ CFL : 48, ordinary bulb 252, tube 140, സോഡിയം വേപ്പർ ലാമ്പ് 20 എന്നിങ്ങനെയാണെങ്കിലും ഓരോ ഇനത്തിനും റിപ്പയർ നിരക്ക് എത്രയാണ് എന്ന് കാണുന്നില്ല.

2.വാർഡ് മെമ്പർമരുടെ സാക്ഷ്യപത്രത്തിൽ (1, 7 വാർഡ്ഒഴികെ ) അതാത് വാർഡുകളിൽ എത്ര വീതം CFL, LED, Tube വിളക്കുകൾ ഉണ്ടെന്നോ റിപ്പയർ നടത്തിയത് ഏതൊക്കെ വിളക്കുകളാണെന്നോ സൂചിപ്പിക്കുന്നില്ല.

3.പഞ്ചായത്ത് ഹാജരാക്കിയ ലിസ്റ്റ് പ്രകാരം CFL lamp കളുടെ ആകെ എണ്ണം 48 ആണ്. എന്നാൽ OVONIC ഹാജരാക്കിയ ലിസ്റ്റിൽ റിപ്പയർ നടത്തിയ CFL വിളക്കുകളുടെ എണ്ണം 203 ആണ്. ആയതിന്റെ തുകയാണ് അനുവദിച്ചിട്ടുള്ളത്.

4.വാർഡ് 1 ലെ മെമ്പർ നൽകിയ റിപ്പോർട്ടിൽ 1-ാം വാർഡിൽ 13 ട്യൂബ്, 5 CFL, 9 LED എന്നിവയാണ് റിപ്പയർ ചെയ്തതായി പറയുന്നത്. എന്നാൽ OVONIC ഹാജരാക്കിയ ലിസ്റ്റിൽ 1-ാം

വാർൽ CFL 10 എണ്ണം , ട്യൂബ് 15 എണ്ണം, LED 8 എന്നിങ്ങനെയാണ് റിപ്പയർ ചെയ്തിട്ടുള്ളത്.

5.വാർഡ് 7 ലെ മെമ്പർ നൽകിയ റിപ്പോർട്ടിൽ 7-ാം വാർഡിൽ 15 വിളക്കുകളാണ് റിപ്പയർ ചെയ്തതായി പറയുന്നത്. എന്നാൽ OVONIC ഹാജരാക്കിയ ലിസ്റ്റിൽ ആകെ 25 വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ട്.

6.OVONIC ഈ വർഷം റിപ്പയർ ചെയ്തതായി നൽകിയ ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും കഴിഞ്ഞ വർഷം റിപ്പയർ ചെയ്ത അതേ ബൾബുകളും ട്യൂബുകളും തന്നെയാണ് ഈ വർഷവും റിപ്പയർ ചെയ്തത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. കഴിഞ്ഞ വർഷത്തെ ലിസ്റ്റ് അതേപടി ഈ വർഷവും നൽകുകയാണ് ചെയ്തിട്ടുള്ളത് എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്.

ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.29 തീ.26.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. എത്ര തെരുവു വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ട് എന്ന് പരിശോധന നടത്താതെയാണ് കരാർ വച്ച സ്ഥാപനത്തിന് പണം അനുവദിച്ചിട്ടുള്ളത് . ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-18 വെള്ളക്കരം കുടിശ്ശിക വികസന ഫണ്ടിൽ നിന്നും ക്രമീകരിച്ചത് - ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

വെള്ളക്കരമിനത്തിലെ കുടിശ്ശിക തുകയായ ₹ 8,464 കുറവ് ചെയ്താണ് ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതം വികസന ഫണ്ട് 3-ാം ഗഡു അനുവദിച്ചത് . വെള്ളക്കരം കുടിശ്ശിക ഒടുക്കുവാനായി പ്രോജക്ടും തയ്യാറാക്കിയിട്ടുണ്ട്. വെള്ളക്കര കുടിശ്ശികവിവരങ്ങൾ ആരാഞ്ഞു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.24.തീയ്യതി : 25.10. 2019)കേരള ജല അതോറിറ്റിയ്ക്ക് വെള്ളക്കര കുടിശ്ശിക സംബന്ധിച്ച് കേരള ജല അതോറിറ്റിയിൽ നിന്നും യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ലെന്നും സുലേഖ സാംഖ്യ ചെലവ് പൊരുത്തപ്പെടുത്തുന്നതിനായിട്ട് ജി ഒ പ്രോജക്ട് തയ്യാറാക്കിയതെന്നും ,കേരള ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക വിവരങ്ങൾ പരിശോധിക്കുന്നതാണെന്നും കുടിശ്ശിക ഇല്ലെങ്കിൽ തുക തിരികെ ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് -ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഐസി ഡി എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ :105 /19

പേര് : ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ്

അടങ്കൽ :2,50,000 (പൊതുവിഭാഗം സാധാരണ വിഹിതം ),

: 1,25,000 (ജില്ലാ പഞ്ചായത്ത് വിഹിതം )

: 1,25,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം )
ആകെ 5,00,000/-

ചെലവ് : 2,50,000(പൊതുവിഭാഗം സാധാരണ വിഹിതം ),

: 1,25,000 (ജില്ലാ പഞ്ചായത്ത് വിഹിതം )

ബിൽ നമ്പർ, തീയ്യതി:

:4/18-19 , 24.10.2018- 1,71,500(പൊതുവിഭാഗം സാധാരണ വിഹിതം )

:6/18-19 , 21.11.2018- 78,500(പൊതുവിഭാഗം സാധാരണ വിഹിതം )

